1 3 5 10
18/12/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പുലയനാർ കോട്ട വൃദ്ധസദനത്തിൽ പൈലറ്റ് പ്രോജക്റ്റ് ആയി സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(സാധാ)നം.734/2014/സാനീവ                തിരുവനന്തപുരം, തീയതി. 11.12.2014.

=====================================================================

പരാമർശം : 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 15.11.2014 ലെ എഫ്5- 37168/14 നമ്പർ കത്ത്.

2. 18.11.2014 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം പുലയനാർ കോട്ട വൃദ്ധമന്ദിരത്തിൽ 10 KW ഇലക്ട്രിക്കൽ സംവിധാനം ഉപയോഗിച്ച് 13 ഫാനുകളും 28 ട്യൂബ് ലൈറ്റുകളും 2 ടിവി യും 7 സി.എഫ്.എൽ ബൾബുകളും ഒരു ഫ്രിഡ്ജും വൈദ്യുതി ഇല്ലാത്ത സമയങ്ങളിൽ പ്രവർത്തിക്കുന്ന ബാറ്ററി ബാക്ക് അപ്പോടുകൂടിയ സോളാർ പാനൽ ഒരു പൈലറ്റ് പ്രോജക്റ്റ് ആയി സ്ഥാപിക്കുന്നതിനുള്ള 19 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. ഈ പ്രൊപ്പോസൽ 18.11.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും ടി പ്രോജക്റ്റിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് ഇത്തരം പ്രോജക്ടുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ വകുപ്പിന്റെ ഒരു പരിശോധന സംഘം സന്ദർശിച്ച് പദ്ധതി പ്രവർത്തനം വിലയിരുത്തണമെന്നുമുള്ള വ്യവസ്ഥയോടുകൂടി അംഗീകരിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഒരു പരിശോധന സംഘം ഇത്തരം സോളാർ പാനൽ സ്ഥാപിച്ചിട്ടുള്ള മറ്റു പദ്ധതികൾ സന്ദർശിച്ച് പരിശോധന നടത്തിയതിനു ശേഷം വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം പുലയനാർകോട്ട വൃദ്ധസദനം കെട്ടിടത്തിൽ ബാറ്ററി ബാക്ക് അപ്പോടുകൂടിയ സോളാർ പാനൽ പൈലറ്റ് പ്രോജക്റ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിലേക്കായി 19,00,000/- രൂപ (പത്തൊൻപതു ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

3. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-001-96(പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.കെ.എം. എബ്രഹം**

അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

ധനകാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന് )

കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ